# ശ്രീ മഹാ ഗണപതി ക്ഷേത്രം
## പഴവങ്ങാടി, തിരുവനന്തപുരം

### ടെന്റർ നോട്ടീസ്

പഴവങ്ങാടി, ശ്രീമഹാഗണപതി ക്ഷേത്രത്തിലേക്ക് പൂജക്ക് ആവശ്യമായ രസകദളിപഴവും വാഴയിലയും 2024 ഏപ്രിൽ 1 തീയതി മുതൽ 31 മാർച്ച് 2025 വരയുള്ള കാലയളവിൽ ശരിയായ അളവിലും തൂക്കത്തിലും ഓർഡർ അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ മിതമായവിലയ്ക്ക് ക്ഷേത്രത്തിൽ എത്തിച്ചു തരുന്നതിലേക്ക് ക്ഷേത്രത്തിൽ നിന്ന് 5 കിലോമിറ്റർ ചുറ്റളവിലുള്ള കച്ചവടക്കാരിൽ നിന്നും ഇലക്ട്രോണിക് ടെന്ററുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെന്ററുകൾ സമർപ്പിക്കുന്നവർ ചരക്കുസേവന നികുതി രജിസ്ട്രഷന്റെ (നമ്പറിന്റെ) പകർപ്പം, 2023 മാണ്ടിന്റെ കോർപ്പറേഷൻ ട്രെയ്ഡ് ലൈസൻസിന്റെ പകർപ്പും ടെന്റർ തുറക്കുമ്പോൾ ഹാജർരാക്കേണ്ടതാണ്. പകർപ്പുകൾ ഹാജരാക്കാത്ത ടെന്ററുകൾ നിരസിക്കുതാണ്.

| സിരിയൽ നമ്പർ | ആവശ്യമുള്ളസാധനങ്ങൾ | ദിവസം തോറും ഉദ്യേശ്യം വേണ്ടി വരുന്ന പഴത്തിന്റെയും/ഇലയുടെയും എണ്ണം |
|---|---|---|
| 1 | രസകദളിപഴം | 1500 എണ്ണം |
| 2 | വാഴയില(കെട്ടിലയുടെയും വെട്ടിലയുടെയും റേറ്റ് പ്രത്യേകം പ്രത്യേകം കാണിക്കണം) | 1500 എണ്ണം |

ടെന്ററുകൾ **10,000/-** **(പതിനായിരം)** രൂപ നിരതദ്രവ്യം അക്കൗണ്ട്പേയി ഡിമാന്റ്ഡ്രാഫ്റ്റ് സഹിതം **2024** ഫെബ്രുവരി മാസം **28** തിയതി **(ബുധനാഴ്ച)** വൈകുന്നേരം **3.00** മണിയ്ക്കകം ക്ഷേത്ര വെബ്ബ്സൈറ്റിൽ **(www.pazhavangaditemple.com)** ലഭികുന്ന ഫോമിൽ ടെന്റർ തുക പൂരിപ്പിച്ച് പാസ്‌വേഡ് കൊണ്ട് സുരക്ഷിതമാക്കി ക്ഷേത്രത്തിന്റെ **pazhavangadiganapathi@gmail** എന്ന ജീമെയിൽ വിലാസത്തിൽ അയയ്ക്കുക. നേരിട്ടുള്ള ടെന്റർ സ്വീകാര്യമല്ല. ടെന്ററുകൾ **2024** ഫെബ്രുവരി മാസം **28** തിയതി **(ബുധനാഴ്ച)** വൈകുന്നേരം **3.30** മണിക്ക് തുറക്കുന്നതും ടെന്റർ നൽകിയ ആൾ തദവസരത്തിൽ ഹാജരാകേണ്ടതുമാണ്. ടെന്ററിൽ നൽകിയിട്ടുള്ള വിലകൾ, മേൽപറഞ്ഞ ടെന്റർ കാലാവധിക്കുള്ളിൽ യാതൊരു കാരണവശാലും മാറ്റുന്നതല്ല. കരാർകാലയളവിൽ കരാർസാധനങ്ങളുടെ വിതരണത്തിൽ എതെങ്കിലും കാരണ വശാൽ വീഴ്ചയുണ്ടായാൽ കരാറുകാരനെ കരിംപട്ടികയിൽ ഉൾപ്പെടുത്തുകയും ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ഏതെങ്കിലും കാരണ വശാൽ ടെന്റർ സ്വീകാര്യമല്ലാത്ത പക്ഷം ടെന്റർ റദ്ദ് ചെയ്യുന്നതിനും പുനർ ടെന്റർ വിളിക്കുന്നതിനും ക്ഷേത്ര ഉപദേശക സമിതിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഫോൺ : 0471 2461929

കൂടുതൽ വിവരങ്ങൾക്ക് ക്ഷേത്ര ആഫീസുമായി ബന്ധപ്പെടുക

പഴവങ്ങാടി,
തിരുവനന്തപുരം

തിരുവാതിര കമ്മിറ്റി